**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 111** **27-06-2022 - ൽ മറുപടിയ്ക്ക്**

**താനൂർ പോലീസിന്റെ അതിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽ വാർഡ് നമ്പർ 11-ൽ ഉൾപ്പെടുന്ന ശ്രീ. മുഹമ്മദ് തൻവീറിനെ താനൂർ പോലീസ് അകാരണമായി മർദ്ദിക്കുകയും, മാനസികമായി പീഡിപ്പിക്കുകയും, ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ വിഷയത്തിൽ പങ്കാളികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട സ്ഥലം എം.എൽ.എ ബഹു. മുഖ്യമന്ത്രിക്കും, സംസ്ഥാന പോലീസ് മേധാവിക്കും നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) | ബഹു. മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച പരാതിയിൽ താനൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പരാതിക്കാരനേയും എതിർകക്ഷികളേയും നേരിൽ കണ്ട് അന്വേഷണം നടത്തി ഇരുകൂട്ടരുടെയും മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. അന്വേഷണത്തിൽ വ്യക്തമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താനൂർ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് 17/06/2022-ൽ പരാതിക്കാരന് നേരിട്ട് മറുപടിയും നൽകിയിട്ടുണ്ട്.<br><br>ഇതേ കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതി മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് അയച്ചതു പ്രകാരം താനൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി വരുന്നു. |
| (സി) | ഈ വിഷയത്തിൽ ഉൾപ്പെട്ട പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ? | (സി) | പരാതിയിലെ ആരോപണങ്ങളെ പറ്റി അന്വേഷണം നടത്തിയതിൽ നിന്നും ടി ആരോപണങ്ങൾ തികച്ചും അടിസ്ഥാനരഹിതമെന്ന് വെളിവായിട്ടുള്ളതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതായ സാഹചര്യം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ